**2021 മെയ് മാസം 29 ന് ഉച്ചയ്ക്ക് ശേഷം 2 മണിക്ക് ബഹു ആരോഗ്യ വകുപ്പ് മന്ത്രി ശ്രീമതി വീണ ജോർജിൻറെ അധ്യക്ഷതയിൽ ഓൺലൈൻ ആയി കൂടിയ മീറ്റിങ്ങിൻറെ നടപടി കുറിപ്പ്.**

മീറ്റിംഗിൽ നിയുക്ത ഡെപ്യൂട്ടി സ്പീക്കർ , ജില്ലയിലെ മറ്റ് എംഎൽഎമാർ , ജില്ലാ പഞ്ചായത്ത് പ്രസിഡൻറ്, വിവിധ ജില്ലാതല ഉദ്യോഗസ്ഥൻമാർ, തഹസിൽദാർമാർ എന്നിവർ പങ്കെടുത്തു.

യോഗത്തിൽ പങ്കെടുത്തവരെ ജില്ലാ ദുരന്തനിവാരണ അതോറിറ്റി ചെയർമാൻ കൂടിയായ ജില്ലാ കളക്ടർ സ്വാഗതം ചെയ്തു. തുടർന്ന് ആമുഖപ്രസംഗത്തിൽ ബഹു ആരോഗ്യ വകുപ്പ് മന്ത്രി ഈ വർഷത്തെ മൺസൂൺ ഒരുക്കവും ആയി ബന്ധപ്പെട്ട വിവിധ വകുപ്പുകൾ കാര്യക്ഷമമായ നടപടികൾ ആരംഭിക്കുന്നതിലേക്കായി ജനപ്രതിനിധികളുടെ അഭിപ്രായം കേൾക്കുന്നതിനായി ആവശ്യപ്പെട്ടു.

ബഹു തിരുവല്ല എംഎൽഎ ശ്രീ മാത്യു ടി തോമസ് ജില്ലയിൽ ദുരന്ത സമയത്ത് ആരംഭിക്കുന്ന വിവിധ ക്യാമ്പുകൾ നടത്തുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങളെക്കുറിച്ച് നിർദ്ദേശങ്ങൾ നൽകി . ജില്ലയിൽ പരമാവധി ക്യാമ്പ് സെൻ്ററുകൾ കണ്ടെത്തണമെന്ന് നിർദ്ദേശിച്ചു . തുടർന്ന് ശ്രീ പ്രമോദ് നാരായണൻ എംഎൽഎ ജില്ലയിലെ വിവിധ മുന്നറിയിപ്പുകൾ സംബന്ധിച്ച് യഥാസമയം താലൂക്കുതലത്തിലും, വില്ലേജ് തലത്തിലും ലഭ്യമാകുന്നതിന് കുറിച്ചും , താലൂക്ക് തലത്തിലുള്ള ഫ്ളഡ്മാപ്പിംഗ് നൽകുന്നതിനെക്കുറിച്ചും, ദുരന്തനിവാരണ സേനയുടെ ടീമിലെ കുറച്ചു പേരെ റാന്നി കേന്ദ്രീകരിച്ച് ലഭ്യമാക്കണമെന്നും, ആദിവാസികളുടെ സംരക്ഷണത്തിന് Line Department കളുടെ ഒരു കോ -ഓർഡിനേഷൻ ഉണ്ടാകണമെന്നും , ആദിവാസി പ്രൊമോട്ടർമാർക്കും, ആദിവാസികൾക്കും വാക്സിനേഷന് മുൻഗണന നൽകണമെന്നും, Containtement zone കളിൽ റേഷൻ സാധനങ്ങൾ കൈ പതിപ്പിച്ച് അല്ലാതെ വാങ്ങിക്കുന്നതിന് സൗകര്യം ഒരുക്കണം . ഡാമുകളുടെ ഷട്ടർ ക്ലീനിങ് ആവശ്യകത എന്നിവയെക്കുറിച്ച് സംസാരിച്ചു . കോന്നി എംഎൽഎ ശ്രീ ജിനേഷ് കുമാർ ക്യാമ്പുകളിൽ ആൻറിജൻ ടെസ്റ്റ് നടത്തുന്നതിനെക്കുറിച്ചും വില്ലേജ് ജീവനക്കാരുടെ സാന്നിദ്ധ്യത്തെ കുറിച്ചും സംസാരിച്ചു . ശ്രീ ചിറ്റയം ഗോപകുമാർ എംഎൽഎ കാർഷിക മേഖല ഉണ്ടായ നഷ്ടങ്ങൾ വസ്തു നിഷ്ഠമായി തിട്ടപ്പെടുത്തുന്നതിനെക്കുറിച്ചും കൂടുതൽ കർഷകരുടെ വിവരങ്ങൾ ഉൾപെടുത്തേണ്ടതിനെക്കുറിച്ചും ജില്ലയിലെ റോഡുകളുടെ അവസ്ഥ പരിഹരിക്കുന്നതിനെ കുറിച്ചും സംസാരിച്ചു.

തുടർന്നു ജില്ലാ കളക്ടർ ജില്ലയിലെ മൺസൂൺ അവലോകനം സംബന്ധിച്ച പ്രെസൻ്റേഷൻ നടത്തി. ജില്ലയിൽ മൺസൂൺ മഴ മെയ് 31 ന് തന്നെ ആരംഭിക്കാനുള്ള സാധ്യത ആണെന്നാണ് വിലയിരുത്തുന്നത് എന്നും, കഴിഞ്ഞ മാർച്ച് മുതൽ മേയ് വരെ വേനൽക്കാല മഴ 186 ശതമാനം അധികം ലഭിക്കുകയും ശൈത്യകാല മഴയും ഏതാണ്ട് ശരാശരി 22 മില്ലിമീറ്റർ ലഭിക്കേണ്ട സ്ഥാനത്ത് 270 മില്ലിമീറ്റർ ലഭിച്ചതായും പറഞ്ഞു. ഈ സാഹചര്യത്തിൽ മൺസൂൺ മഴ തുടരുകയാണെങ്കിൽ അത് ഗൗരവമായി കാണേണ്ടി വരുമെന്നും അദ്ദേഹം യോഗത്തെ അറിയിച്ചു . വലിയ ഡാമുകളുടെ സ്ഥിതി നിലവിൽ ആശങ്കാ ജനകമല്ലെങ്കിലും കനത്ത മഴ തുടർന്നാൽ മണിയാർ, മൂഴിയാർ പോലെയുള്ള ചെറിയ അണക്കെട്ടുകൾ തുറക്കേണ്ട സാഹചര്യം സംജാതമാകാൻ ഉള്ള സാധ്യത ഉണ്ടെന്നും അദ്ദേഹം യോഗത്തെ അറിയിച്ചു .

തുടർന്ന് ടൗട്ട യാസ് എന്നിവയുടെ ഫലമായി ജില്ലയിൽ ഉണ്ടായ നാശനഷ്ടങ്ങൾ അദ്ദേഹം വിശദീകരിച്ചു. മൺസൂണുമായി ബന്ധപ്പെട്ട ജില്ലാതലത്തിൽ സ്വീകരിക്കേണ്ട പൊതുവായ നടപടികളെക്കുറിച്ച് വിശദീകരിച്ചു.

ദുരന്ത നിവാരണവും ആയി ബന്ധപ്പെട്ട ജില്ലയിലെ എല്ലാ വകുപ്പുകളും ഒരു ജില്ലാതല നോഡൽ ഓഫീസറെ നിയമിക്കണമെന്നും പ്രസ്തുത വ്യക്തിയുടെ പേര് പേര് ബന്ധപ്പെടാനുള്ള വാട്സ്ആപ്പ് സഹിതമുള്ള ഫോൺ നമ്പർ ഇമെയിൽ എന്നിവ ഇല്ലാതെ മെയ് 31 ന് മുമ്പായി കൈമാറണമെന്ന് അദ്ദേഹം ആവശ്യപ്പെട്ടു . ഈ ഉദ്യോഗസ്ഥൻ വേണം ദുരന്തവുമായി ബന്ധപ്പെട്ട അതാത് വകുപ്പുകളെ സംബന്ധിച്ച ആവശ്യകതയെക്കുറിച്ചും, നിർദ്ദേശങ്ങളെകുറിച്ചും സിംഗിൾ ലൈൻ കോൺടാക്ട് ആയി നിയോഗിക്കപ്പെടേണ്ടത്. ദൈനം ദിന റിപ്പോർട്ടി ഉൾപ്പടെയുള്ള വിവരങ്ങൾ യഥാസമയം ജില്ലാ ഇ ഓ സി



2021.06.04 13:06

യിലും (DEOC) മൺസൂൺ വാട്ട്സ് ആപ്പ് ഗ്രൂപ്പിലും നൽകേണ്ടതാണ്. മുങ്ങിമരണ പ്രതികരണത്തിന് നേവിയെ വിളിക്കുന്നതിന് ജില്ലാ ഇ ഓ സി മുഖേന എറണാകുളം ഇ ഓ സി ആണ് ഉപയോഗിക്കേണ്ടത് എന്നും അറിയിച്ചു.

അതുപോലെതന്നെ വകുപ്പുകളുടെയും തദ്ദേശ സ്ഥാപനങ്ങളുടെ കൈവശമുള്ള ഭൂമിയിലെയും അപകടകരങ്ങളായ മരങ്ങളുമായി ബന്ധപ്പെട്ട തദ്ദേശ്ശ സ്വയം ഭരണ സ്ഥാപന സെക്രട്ടറി (കൺവീനർ) വില്ലേജ് ഓഫീസർ, പ്രദേശത്തിന്റെ ചുമതലയുള്ള വനം ഉദ്യോഗസ്ഥൻ എന്നിവരുടെ പ്രാദേശിക കമ്മിറ്റി കൂടി കണ്ടെത്തി മരച്ചില്ലകളും മരങ്ങളും മുറിച്ചു മാറ്റുവാൻ വകുപ്പുകളും തദ്ദേശസ്ഥാപനങ്ങളും നടപടി സ്വീകരിക്കണമെന്നും ഇതിലേക്കായി ദുരന്തനിവാരണ അതോറിറ്റിയിൽ നിന്നും പണം നൽകില്ല എന്നും അറിയിച്ചു. അതുപോലെതന്നെ സ്വകാര്യ ഭൂമിയിലെ മരങ്ങൾ മുറിച്ചു മാറ്റേണ്ട അത് വ്യക്തികളുടെ ഉത്തരവാദിത്വമാണെന്നും ഇതുസംബന്ധിച്ച് ഒരു പത്രക്കുറിപ്പ് ജില്ലാതലത്തിൽ തന്നെ നൽകുന്നതാണെന്നും , അതേപോലെതന്നെ വാർത്താക്കുറിപ്പ് എല്ലാ തദ്ദേശസ്ഥാപനങ്ങളും നൽകേണ്ടതാണെന്നും യോഗത്തെ അറിയിച്ചു. പഞ്ചായത്ത് തലത്തിൽ വാർഡ്തല സമിതികൾ ജാഗ്രതയോടെ പ്രവർത്തിക്കണമെന്ന് ബഹു . മന്ത്രി നിർദ്ദേശിച്ചു.

തുടർന്നു ദുരന്തനിവാരണവുമായി ബന്ധപ്പെട്ട വിവിധ വകുപ്പുകൾ കൈകാര്യം ചെയ്യേണ്ട കാര്യങ്ങളെ കുറിച്ച് വിശദമായി വകുപ്പുകൾ അവരുടെ അഭിപ്രായങ്ങൾ /നിർദ്ദേശങ്ങൾ അറിയിച്ചു.

റവന്യൂ വകുപ്പ് ക്യാമ്പുകളുടെ ലിസ്റ്റുകൾ പരിശോധിച്ച് ഉടൻതന്നെ നൽകുന്നതിന് നടപടി സ്വീകരിക്കണമെന്ന് ജില്ലാ കളക്ടർ തഹസിൽദാർ മാർക്കു നിർദേശം നൽകി . ക്യാമ്പുകളുടെ ലിസ്റ്റ് തയാറാക്കുമ്പോൾ കൂടുതൽ ആളുകളെ ഉൾക്കൊള്ളിക്കുന്നതിനായി ക്യാമ്പുകളുടെ ലിസ്റ്റ് വിപുലമാക്കേണ്ടതാണെന്നും അത്തരം ക്യാമ്പുകൾ വ്യക്തമായി പരിശോധിക്കണമെന്നും ആവശ്യപ്പെട്ടു. ദുരിതാശ്വാസക്യാമ്പുകൾ തയ്യാറാക്കുമ്പോൾ നാലു തരത്തിലുള്ള ക്യാമ്പുകളും പ്രവർത്തനക്ഷമമാണ് എന്ന് ഉറപ്പുവരുത്തേണ്ടതുണ്ട് എന്നും അറിയിച്ചു. താലൂക്കുകളിൽ ഡെപ്യൂട്ടി തഹസിൽദാരുടെ നേതൃത്വത്തിൽ 24 മണിക്കൂറും പ്രവർത്തിക്കുന്ന കൺട്രോൾ റൂമുകൾ ഉണ്ടായിരിക്കേണ്ടതാണ്

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കു വേണ്ടി പഞ്ചായത്തു വകുപ്പ് ഡിഡിപി വിവിധ കാര്യങ്ങളിൽ പഞ്ചായത്തുകൾ സ്വീകരിക്കുന്ന നടപടികളെ കുറിച്ച് വിശദീകരിച്ചു . ദുരിതാശ്വാസ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി വില്ലേജ് ഓഫീസറുടെ കൂടെ തദ്ദേശ സ്ഥാപനങ്ങളിൽ നിന്നുള്ള വിവിധ ഉദ്യോഗസ്ഥരെ നിയമിക്കുന്നതാണ് എന്ന് അറിയിച്ചു. വാർഡ് തലത്തിൽ സാനിറ്റേഷൻ കമ്മിറ്റികൾ ശക്തമായ പ്രവർത്തിക്കാനുള്ള നിർദേശം എല്ലാവർക്കും നൽകിയിട്ടുണ്ടെന്ന് അറിയിച്ചു. ജൂൺമാസം 4, 5, 6 തീയതികളിൽ മാസ് ക്യാമ്പ് നടത്തുന്നുണ്ടെന്നും, അതിലേക്കായി തിങ്കളാഴ്ച എല്ലാ പഞ്ചായത്തുകളുടെയും വിപുലമായ മീറ്റിംഗ് വിളിച്ചിട്ടുണ്ടെന്നും അറിയിച്ചു.

പോലീസിന് വേണ്ടി അഡീഷണൽ എസ്പി കാര്യങ്ങൾ വിശദീകരിച്ചു. ജില്ലാതലത്തിൽ ദുരന്തനിവാരണത്തിന് നോഡൽ ഓഫീസറെ നിയമിച്ചിട്ടുണ്ടെന്നും , അദ്ദേഹത്തിൻറെ വിശദാംശങ്ങൾ ഉടൻതന്നെ ലഭ്യമാക്കുമെന്നും, ജില്ലയിലെ സാഹചര്യങ്ങളിൽ കമ്മ്യൂണിക്കേഷൻ നെറ്റ്‌വർക്ക് സാധ്യമാകാത്ത സാഹചര്യങ്ങളിൽ ഹാം റേഡിയോയുടെ ഉൾപ്പെടെയുള്ള കമ്മ്യൂണിക്കേഷൻ നെറ്റ്‌വർക്കുകളുടെ സേവനം തേടുമെന്നും , 427 വളണ്ടിയർമാരെ ജില്ലയിൽ വിവിധ ഭാഗങ്ങളിലായി നിയോഗിച്ചിട്ടുണ്ടെന്നും അറിയിച്ചു.

അഗ്നി സുരക്ഷാ വകുപ്പിൻറെ നേതൃത്വത്തിൽ മരങ്ങൾ വീണു ഉണ്ടാകുന്ന അപകടങ്ങളിൽ അപ്പോൾ തന്നെ അവർ ക്ലിയർ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ് എന്നും , ജില്ലാ ഇ ഓ സി യിലേക്ക് ഒരു ഉദ്യോഗസ്ഥനെ നിയമിച്ചിട്ടുണ്ട് എന്നും ജില്ലാ ഓഫീസർ യോഗത്തെ അറിയിച്ചു . ജില്ലയിൽ 50 അസ്കാ ലാമ്പുകൾ ലഭ്യമാക്കണം , പരിശീലനം ലഭിച്ച Scooba ഡൈവേഴ്സിനെ 6 സ്റ്റേഷനുകളിലായി deploy ചെയ്തിട്ടുണ്ടെന്ന് അറിയിച്ചു. വാടകയ്ക്ക് റബ്ബർ ഡിങ്കികൾ / ബോട്ടുകൾ ലഭ്യമാക്കാൻ സാധിക്കുമോ എന്നും

2021.06.04 13:09

ആവശ്യമായ തയ്യാറെടുപ്പുകൾ നടത്തണമെന്നും ബഹു മന്ത്രി നിർദ്ദേശിച്ചു . കൂടുതൽ റബ്ബർ ഡിങ്കികൾ / ബോട്ടുകൾ എത്തിക്കുന്നതിന് യോഗത്തിൽ തീരുമാനിച്ചു.

ആരോഗ്യവകുപ്പ് , കോവിഡിൻറെ പശ്ചാത്തലത്തിൽ ദുരിതാശ്വാസ ക്യാമ്പുകളിൽ ആന്റിജൻ ടെസ്റ്റ് നടത്തുന്നതിന് ആവശ്യമായ കിറ്റുകൾ ജില്ലയിൽ ലഭ്യമാണെന്നും, മഴക്കാല രോഗങ്ങൾക്ക് ആവശ്യമായ മരുന്നുകളും മറ്റും ആവശ്യത്തിന് തന്നെ ജില്ലയിൽ സംഭരിച്ചിട്ടുണ്ട് എന്നും ജില്ലാ മെഡിക്കൽ ഓഫീസർ യോഗത്തെ അറിയിച്ചു. Doxy cyclin ആഴ്ചയിൽ ഒരു പ്രാവശ്യം വിതരണം നടത്തുന്നതിന് ക്രമീകരണം ചെയ്തിട്ടുണ്ടെന്നും, Anti Snake Venum ലഭ്യമാക്കണമെന്നും DMO അറിയിച്ചു.

ഇറിഗേഷൻ വകുപ്പ് ജില്ലയിൽ വിവിധ തോടുകൾ വൃത്തിയാക്കുന്നതിനായി 17 വർക്കുകൾ ഏതാണ്ട് 18 ലക്ഷം രൂപയ്ക്ക് നൽകിയിട്ടുണ്ടെന്നും, പണികൾ ഉടൻതന്നെ ആരംഭിച്ച് പൂർത്തിയാക്കുന്നതാണെന്നും യോഗത്തെ അറിയിച്ചു. കാരെക്കയം, അള്ളുങ്കൽ എന്നീ ചെറിയ ഡാമുകളും രാത്രിയിൽ തുറക്കുന്ന അണക്കെട്ടുകളുടെ കൂട്ടത്തിൽ ഉൾപ്പെടുത്തണമെന്ന് ആവശ്യപ്പെട്ടു. മേജർ ഇറിഗേഷൻ ജില്ലയിലെ വിവിധ നദികളിൽ അടിഞ്ഞുകൂടിയിട്ടുള്ള മണ്ണുകളും കാടുകളും നൽകുന്നതിനുള്ള നടപടി സ്വീകരിച്ചതായും അണക്കെട്ടുകളിൽ നിന്ന് വരുന്ന വെള്ളം ആവശ്യമായ രീതിയിൽ ഒഴുക്കി കളയുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും അറിയിച്ചു . Desilting നടത്താത്തതുകൊണ്ട് നിലവിൽ ഒരിടത്തും അപകട സാധ്യതയില്ലെന്ന് അറിയിച്ചു. എന്നിരുന്നാലും എല്ലാ നദികളിലും പരിശോധന നടത്തി Desilting നടത്താത്തതുമൂലം അപകട സാധ്യത ഉണ്ടാകുമോ എന്ന് പരിശോധിച്ച് Silt റിമൂവ് ചെയ്യുന്നതിന് നടപടി സ്വീകരിക്കുന്നതിന് ജില്ലാ കളക്ടർ നിർദ്ദേശിച്ചു.

KSEB മൺസൂൺകാല കൺട്രോൾ റൂം ഉടനെ ആരംഭിക്കുമെന്നും ഇതിന്റെ നമ്പരുകൾ പത്രത്തിൽ പരസ്യപ്പെടുത്തുമെന്നും അറിയിച്ചു. കൂടാതെ ഒരു ക്വിക്ക് റെസ്പോൺസ് ടീമിനെ രൂപീകരിച്ചിട്ടുണ്ടെന്നും ആവശ്യത്തിനുള്ള food, materials, വാഹനം എന്നിവ ക്രമീകരിച്ചിട്ടുണ്ടെന്നും അറിയിച്ചു. ഹോസ്പിറ്റലുകൾക്ക് അഡീഷണൽ സപ്ലൈ ഉറപ്പ് വരുത്തിയിട്ടുണ്ടെന്നും അറിയിച്ചു.

CFLTC, DCC, CSLTC തുടങ്ങിയവ പ്രവർത്തിക്കുന്നിടത്ത് ഇലക്ട്രിസിറ്റി മുടങ്ങാതെ ലഭിക്കുന്നുണ്ടെന്ന് ഉറപ്പ വരുത്തണമെന്ന് മിനിസ്റ്റർ നിർദ്ദേശിച്ചു. കെ എസ് ഇ ബി ഡാം സേഫ്റ്റി ജില്ലയിലെ ഡാമുകളുടെ സ്ഥിതി നിലവിൽ സുരക്ഷിതമാണെന്നും, എന്നാൽ പമ്പാ ഡാം തുറക്കനുള്ള സാധ്യത തള്ളിക്കളയാനാവില്ല എന്നും അദ്ദേഹം യോഗത്തെ അറിയിച്ചു. ഡാമുകളിൽ മറ്റു നെറ്റ്‌വർക്കുകളുടെ ലഭ്യത ഇല്ലാത്തതിനാൽ സാറ്റലൈറ്റ് ഫോൺ ഉപയോഗിച്ചാണ് കമ്മ്യൂണിക്കേഷൻ നടത്തുന്നതെന്ന് അദ്ദേഹം യോഗത്തെ അറിയിച്ചു. ആനത്തോട് മൂഴിയാർ റോഡ് ശോചനീയമായ രീതിയിലാണെന്നും അത് നന്നാക്കിയാൽ നന്നായിരിക്കും എന്നും അദ്ദേഹം യോഗത്തെ അറിയിച്ചു. പെരുന്തേനരുവി തടയിണയുമായി ബന്ധപ്പെട്ട് Silt നീക്കം ചെയ്യുന്നത് ജലനിരപ്പ് താണെങ്കിൽ മാത്രമെ സാധിക്കുകയുള്ളൂ എന്ന് അറിയിച്ചു.

കേരള വാട്ടർ അതോറിറ്റിയുടെ പമ്പിംഗ് സ്റ്റേഷനുകൾ ജലനിരപ്പ് ഉയരുന്ന സാഹചര്യത്തിൽ നിരീക്ഷണത്തിൽ ആയിരിക്കണമെന്ന് ജില്ലാ കളക്ടർ നിർദ്ദേശിച്ചു.

മൈനിങ് ആൻഡ് ജിയോളജി ജില്ലയിൽ ആകെയുള്ള 34 ക്വാറികളും ഇപ്പോൾ അടച്ച നിലയിൽ ആണെന്നും അവയെല്ലാം പരിശോധിച്ചിട്ടുണ്ട് എന്നും യോഗത്തെ അറിയിച്ചു. നാരങ്ങാന മണ്ണിടിച്ചിൽ ഉണ്ടായ സ്ഥലത്ത് മണ്ണും പാറയും നീക്കം ചെയ്യുന്നതിന് പാസ് നൽകിയിട്ടുണ്ടെങ്കിലും ഇനിയും ആവശ്യമെങ്കിൽ കൂടുതൽ പാസ് നൽകുന്നതിന് തടസ്സമില്ല എന്നും അറിയിച്ചു. പ്രത്യേക ശ്രദ്ധ വേണമെന്ന് ജില്ലാ കളക്ടറും, ആരോഗ്യമന്ത്രിയും നിർദേശിച്ചു. അവിടെ നൽകാനുള്ള പാസ്സുകൾ എല്ലാം തന്നെ 31 ന് നൽകണമെന്ന് ജില്ലാ കളക്ടർ നിർദ്ദേശിച്ചു. ജില്ലയിൽ പ്രവർത്തിക്കുന്ന ക്വാറികൾ പരിശോധിച്ച് അപകട സാധ്യതില്ലെന്ന് ഉറപ്പാക്കിയിട്ടുണ്ടെന്ന് ജിയോളജിസ്റ്റ് അറിയിച്ചു.

2021.06.04 13:10

മണ്ണ് സംരക്ഷണം വകുപ്പ് ജില്ലയിൽ മണ്ണിടിച്ചിലിന് സാധ്യതയുള്ള 6 സ്ഥലങ്ങളിൽ മൂന്ന് സ്ഥലങ്ങളുടെ സന്ദർശനം പൂർത്തിയാക്കി എന്നും ഇനിയും പൂർത്തിയാക്കാനുള്ള ഉള്ള 3 സ്ഥലങ്ങൾ തിങ്കളാഴ്ച തന്നെ പരിശോധന പൂർത്തിയാക്കുമെന്നും ജില്ലാ സോയിൽ കൺസർവേഷൻ ഓഫീസർ അറിയിച്ചു. മഴ ആരംഭിക്കുന്നതിന് മുമ്പ് തന്നെ മണ്ണിടിച്ചിലിന് സാധ്യതയുള്ള മൂന്ന് പ്രദേശങ്ങൾ കൂടി DSCO പരിശോധിച്ച് റിപ്പോർട്ട് നൽകണമെന്ന് മിനിസ്റ്റർ നിർദ്ദേശിച്ചു. നിലവിൽ പൊന്തനാംകുഴി പ്രദേശത്തെ 32 കുടുംബങ്ങളെ മാറ്റി പാർപ്പിച്ചിരിക്കുകയാണെന്നും റിഹാബിലിറ്റേഷൻ നടത്തുന്നതിലേക്ക്, പൊന്താനംകുഴി, കൊല്ലമുള എന്നിവയെ സംബന്ധിച്ച് ഗവൺമെന്റിലേക്ക് കത്ത് നൽകിയിട്ടുണ്ടെന്നും 6 സ്ഥലങ്ങളെ സംബന്ധിച്ച് ഗവൺമെന്റിനെ അറിയിച്ച് റിഹാബിലിറ്റേഷൻ നടത്തുന്നതിലേക്ക് നടപടി സ്വീകരിക്കുന്നതാണെന്ന് ജില്ലാ കളക്ടർ അറിയിച്ചു. പൊന്തനാംകുഴി പ്രദേശത്തെ ആളുകളെ മാറ്റി പാർപ്പിക്കുന്നതിന് സ്ഥലം കണ്ടെത്തുന്നതിന് SC ഡിപ്പാർട്ടുമെന്റുമായി സഹകരിച്ച് പ്രവർത്തിക്കുന്നതിന് തഹസിൽദാർക്ക് ജില്ലാ കളക്ടർ നിർദ്ദേശം നൽകി. കൂടാതെ എല്ലാവരുടേയും ഒരു യോഗം വിളിച്ചു കൂട്ടാമെന്ന് കെ. യു ജനീഷ്കുമാർ, എം. എൽ. എ അറിയിച്ചു.

മണ്ണിടിച്ചിലിന് സാധ്യതയുള്ള പ്രദേശങ്ങൾ DSCO നിരന്തരം സന്ദർശിച്ച് അപകട സാധ്യത സംബന്ധിച്ച് മുന്നറിയിപ്പ് നൽകണമെന്ന് ജില്ലാ കളക്ടർ നിർദ്ദേശിച്ചു.

മൃഗസംരക്ഷണ വകുപ്പിൽ ജില്ലാ കൺട്രോൾ റൂം ആരംഭിച്ചിട്ടുണ്ടെന്നും, ഒരു റാപ്പിഡ് റെസ്പോൺസ് ടീം താലൂക്ക തലത്തിൽ സ്വീകരിച്ചിട്ടുണ്ടെന്നും കുളമ്പുരോഗത്തിന് വാക്സിനേഷൻ നൽകാനുള്ള ദേശീയ പദ്ധതിയുടെ ഭാഗമായി നടപടി സ്വീകരിച്ചിട്ടുണ്ടെന്നും എന്നാലിപ്പോൾ വാക്സിൻ അഭാവം കാരണം നടപ്പിലാകുന്നില്ല എന്നും യോഗത്തെ അറിയിച്ചു . വളർത്തുമൃഗങ്ങളുടെ ഇൻഷ്വറൻസ് ലഭിക്കുന്നില്ല എന്ന് കർഷകർ പരാതി ഉന്നയിക്കുന്നതായി ആരോഗ്യ വകുപ്പ് മന്ത്രി അറിയിച്ചു എല്ലാ കർഷകർക്കും ഇൻഷ്വറൻസ് ലഭ്യമാണെന്നും അതിന് ജില്ലാ ഓഫീസുമായി ബന്ധപ്പെട്ടാൽ മതിയാകും എന്നും ജില്ലാ വെറ്റിനറി ഓഫീസർ യോഗത്തെ അറിയിച്ചു.

ജില്ലാ സപ്ലൈ ഓഫീസിന്റെ നേതൃത്വത്തിൽ ജൂൺ 15 വരെ ജില്ലയിൽ വിതരണത്തിന് ആവശ്യമായ റേഷൻ സാധനങ്ങൾ ഉണ്ടെന്നും, നോഡൽ ഓഫീസർ സംബന്ധിച്ച വിവരങ്ങൾ ഉടൻ തന്നെ അറിയിക്കുന്നതാണ് എന്നും അറിയിച്ചു. In accessible ആയ സ്ഥലങ്ങളിലും, വെള്ളപ്പൊക്ക സമയത്ത് Cutoff ആയി പോകുന്ന സ്ഥലങ്ങളിലും പൊതുവെ മലയോര പ്രദേശങ്ങളിൽ 2 മാസത്തേക്കുള്ള റേഷൻ സംഭരിച്ചു വയ്ക്കണമെന്ന് ജില്ലാ കളക്ടർ നിർദ്ദേശിച്ചു.

സ്റ്റോറേജ് സംവിധാനം അപര്യാപ്തമാകുന്നത് സ്റ്റോറേജ് വർദ്ധിപ്പിക്കുന്നതിന് തടസ്സമാകുന്നുണ്ടെന്നും, റവന്യൂ ഇൻസ്പെക്ടർമാർ മുഖാന്തിരം പരിശോധന നടത്തി പരമാവധി സാധനങ്ങൾ സ്റ്റോർ ചെയ്യുന്നതിന് നടപടി സ്വീകരിക്കണമെന്ന് DSO അറിയിച്ചു. കൂടാതെ കണ്ടെയ്ൻമെന്റ് സോണുകളിൽ ഹോം ഡെലിവറി ആവശ്യമുള്ളവർക്ക് ഭക്ഷ്യ ധാന്യം ലഭ്യമാക്കുന്നുണ്ടെന്നും DSO അറിയിച്ചു. ക്യാമ്പുകളിൽ ഉള്ള സാധനങ്ങളുടെ സുഗമമായ വിതരണത്തിനായി സപ്ലൈകോയുടെ ഒരു ജില്ല ഓഫീസറെ കൂടി നോഡൽ ഓഫീസർ ആയി നിയമിക്കുന്നത് നല്ലതാണെന്ന് അദ്ദേഹം അറിയിച്ചു. ജില്ലയിലെ നെല്ല് സംഭരണശേഷി കൂട്ടുമെന്നും അദ്ദേഹം അറിയിച്ചു.

കൃഷിവകുപ്പ് തയാറെടുപ്പ് പ്രവർത്തികൾ ആരംഭിച്ചതായും കൃഷി നാശം ഉണ്ടായ സ്ഥലങ്ങൾ പരിശോധിച്ച് നഷ്ട വിവരങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ടെന്നും ജില്ലാ കൃഷി ഓഫീസ് പ്രിൻസിപ്പൽ കൃഷി ഓഫീസർ യോഗത്തെ അറിയിച്ചു. കപ്പ (മരച്ചീനി) യുടെ വിപണനവുമായി ബന്ധപ്പെട്ട മിൽമയുമായി ചേർന്ന് സംഭരണം നടത്തി കാലിത്തീറ്റ ഉണ്ടാക്കുന്നതിന് പദ്ധതി രൂപീകരിച്ചു. കർഷകർക്ക് ദുരിതാശ്വാസം ലഭിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമെന്ന് കൃഷി ഓഫീസർ അറിയിച്ചു. പ്രാഥമിക കണക്കനുസരിച്ച് 5958 കർഷകർക്ക് 18,56,00,000 /- രൂപയുടെ കൃഷിനാശം ഉണ്ടായിട്ടുണ്ടെന്നും 1596.53 H ലെ കൃഷി നശിച്ചിട്ടുണ്ടെന്നും PAO അറിയിച്ചു. കൃഷിനാശം സംഭവിച്ച പല കർഷകർക്കും അപേക്ഷ നൽകുന്നതിന് ഉ[illegible]

2021.06.04 13:11

നടത്തുന്നതിനോ സാധിച്ചിട്ടില്ലാത്തതിനാൽ നഷ്ട തുക ഇനിയും വർദ്ധിക്കുമെന്നും പൂർണ്ണമായ നഷ്ടം കണക്കാക്കണമെന്നും ഡെപ്യൂട്ടി സ്പീക്കർ അറിയിച്ചു.

കേന്ദ്ര സംഘം കേരളം സന്ദർശിക്കാൻ സാധ്യതയുള്ളതിനാൽ നാശനഷ്ടം സംബന്ധിച്ച് ഇനം തിരിച്ച് കൃത്യമായ കണക്കുണ്ടാക്കി ജില്ലയുടെ നാശനഷ്ടം എത്രയാണെന്ന് കൊടുക്കാൻ സാധിക്കണമെന്ന് മന്ത്രി നിർദ്ദേശിച്ചു.

പോർട്ടൽ വഴി രജിസ്റ്റർ ചെയ്ത കപ്പ കൃഷിക്കാർക്ക് മാത്രമാണ് നഷ്ട പരിഹാരം നൽകുന്നതെന്ന് റാന്നി എം. എൽ. എ സംശയം ഉന്നയിച്ചതിൽ രജിസ്റ്റർ ചെയ്തവർക്കും അല്ലാത്തവർക്കും ഇതു നൽകുന്നതിന് സർക്കാർ നിർദ്ദേശിച്ചിട്ടുണ്ടെന്ന് PAO അറിയിച്ചു.

വിദ്യാഭ്യാസ വകുപ്പിൻറെ കീഴിലുള്ള സ്കൂളുകളിൽ ക്യാമ്പുകളായി തെരഞ്ഞെടുത്തിട്ടുള്ള ലിസ്റ്റ് നൽകിയാൽ ക്യാമ്പുകളുടെ സ്ഥിതി വിലയിരുത്തി ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ തദ്ദേശ സ്ഥാപനങ്ങളുമായി ചേർന്ന് വിലയിരുതി ഉറപ്പുവരുത്താമെന്നു ജില്ലാ ഡെപ്യൂട്ടി ഡയറക്ടർ യോഗത്തെ അറിയിച്ചു. സ്കൂളുകളുടെ വൃത്തിയാക്കൽ പൂർണ്ണമായും LSGD യെ ആശ്രയിച്ചു ചെയ്യാതെ അതത് സ്കൂളിലെ HM മാർ, PTA എന്നിവരുടെ നേതൃത്വത്തിൽ ചെയ്യുന്നതിന് നടപടി സ്വീകരിക്കണമെന്ന് ജില്ലാ കളക്ടർ നിർദ്ദേശിച്ചു.

വനംവകുപ്പ് മൺസൂണിനു മുന്നോടിയായി അതിനെ നേരിടുന്നതിനായി എല്ലാ സജീവ മുന്നൊരുക്ക പ്രവർത്തനങ്ങളും നടത്തിയിട്ടുണ്ടെന്ന് ഡി എഫ് ഒ യോഗത്തെ അറിയിച്ചു. വിവിധ സ്ഥലങ്ങളിൽ 10 മഴ മാപിനികൾ സ്ഥാപിച്ചിട്ടുണ്ടെന്നും ഡാറ്റകൾ 10 ദിവസത്തിനകം ജില്ലാ ദുരന്തനിവാരണ അതോറിറ്റി കൈമാറാൻ തക്ക രീതിയിൽ പ്രവർത്തനസജ്ജമാകും എന്നും അറിയിച്ചു. നോഡൽ ഓഫീസറുടെ ലിസ്റ്റ് ഉടൻ തന്നെ കൈമാറുമെന്നും അറിയിച്ചു. വനത്തിനുള്ളിൽ താമസമുള്ള എല്ലാവർക്കും വാക്സിനേഷൻ നൽകുന്നതിന് മുഴുവൻ പിന്തുണയും അദ്ദേഹം ഉറപ്പു നൽകി.

പട്ടികജാതി & പട്ടികവർഗ വകുപ്പ് എസ് സി പ്രൊമോട്ടർമാർ മുഖേന ദുരിതാശ്വാസ ക്യാമ്പിൽ ഉള്ളവരുടെ ക്ഷേമത്തിനായി ഇടപെടൽ നടത്തുന്നുണ്ടെന്നും, ഇവർ ഫ്രണ്ട് ലൈൻ വർക്കേഴ്സ് ആയതുകൊണ്ട് വാക്സിനേഷന് മുൻഗണന നൽകുന്നത് പരിഗണിക്കണമെന്നും ജില്ലാ ഓഫീസർ ആവശ്യപ്പെട്ടു. ഇവരുടെ വിവരം ജില്ലാ മെഡിക്കൽ ഓഫീസറെ രേഖാമൂലം അറിയിക്കുന്നതിനും അവിടെനിന്നും അവരുടെ രജിസ്ട്രേഷൻ സൗകര്യങ്ങളൊരുക്കി നൽകുന്നതാണെന്നും ജില്ലാ മെഡിക്കൽ ഓഫീസർ അറിയിച്ചു . ആദിവാസികളുടെ ക്ഷേമം ഉറപ്പു വരുത്തുന്നതിനും വാക്സിനേഷൻ നടപടികൾ പൂർത്തീകരിക്കുന്നതിന് പട്ടികവർഗ വകുപ്പ് നടപടികൾ സ്വീകരിക്കുന്നതാണ് എന്ന് അറിയിച്ചു

സാമൂഹ്യനീതി വകുപ്പ് വയോജനങ്ങളുടെയും, കിടപ്പുരോഗികളുടെയും ഭിന്നശേഷിക്കാരുടെയും സംവിധാനങ്ങൾ ഉറപ്പുവരുത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് ജില്ലാ ഓഫീസർ അറിയിച്ചു. എന്നാൽ വാക്സിൻ എടുത്ത ആളുകളുടെ എണ്ണത്തിൽ വകുപ്പിൻറെ കണക്കും ജില്ലയിലെ കണക്കും തമ്മിൽ പൊരുത്തക്കേടുള്ളത് പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന് ജില്ലാ കളക്ടർ ആവശ്യപ്പെട്ടു.

വനിതാ ശിശുക്ഷേമ വകുപ്പ് കുട്ടികളുടെയും ക്ഷേമം ഉറപ്പുവരുത്തുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമെന്ന് വനിതാ ശിശുക്ഷേമ വകുപ്പ് ഓഫീസർ യോഗത്തെ അറിയിച്ചു

ഗതാഗതവകുപ്പ് ജോയിന്റ് ആർടിഒ യെ നോഡൽ ഓഫീസറായി നിയോഗിച്ചു ഉണ്ടെന്ന് ആർ ടി ഓ യോഗത്തെ അറിയിച്ചു. ജെസിബി, ആംബുലൻസ് മുതലായ വാഹനങ്ങൾ താലൂക്ക് ലിസ്റ്റ് ഉടൻ തന്നെ ദുരന്ത നിവാരണ അതോറിറ്റിക്ക് നൽകുന്നതാണെന്ന് അറിയിച്ചു.

കെഎസ്ആർടിസി ബസുകൾ എല്ലാ ഡിപ്പോകളിലും അഞ്ചെണ്ണം വീതം സജ്ജമാണെന്നും, ആവശ്യസമയത്ത് ഉപയോഗത്തിന് വിട്ടുനൽകാം എന്നും അറിയിച്ചു. കോവിഡുമായി ബന്ധപ്പെട്ടു കൂടുതൽ ബസ്സുകൾ ആവശ്യമുണ്ടെങ്കിലും തത്കാലം ആവശ്യപ്പെടുന്ന മുറയ്ക്ക് ലഭ്യമാക്കിയാൽ മതിയെന്ന് ജില്ലാ മെഡിക്കൽ ഓഫീസർ അറിയിച്ചു.



2021.06.04 13:13

പിഡബ്ല്യുഡി റോഡ്സ് പൂർത്തീകരിക്കേണ്ട റോഡുകളുടെ ലിസ്റ്റിൽ കരാറുകാരുമായി ചർച്ച നടത്തിയെന്നും പണികൾ ഉടൻ തന്നെ ആരംഭിക്കുമെന്നും അറിയിച്ചു. ആനത്തോട് മൂഴിയാർ റോഡ് പണി ഉടൻ തന്നെ പൂർത്തിയാക്കുമെന്നും എക്സിക്യൂട്ടീവ് എൻജിനീയർ അറിയിച്ചു. വേഗത്തിൽ പണി പൂർത്തീകരിച്ച റോഡിന്റെ നിർമ്മാണ നിലവാരം കുറക്കേണ്ടതില്ലെന്നു കോന്നി എം എൽ എ ആവശ്യപ്പെട്ടു . പിഡബ്ല്യുഡി (പാലങ്ങൾ) എക്സിക്യൂട്ടീവ് എൻജിനീയർ നിർമാണം നടന്നുകൊണ്ടിരിക്കുന്ന പാലങ്ങളുടെ സമീപം സ്റ്റോക്ക് ചെയ്തിട്ടുള്ള സാധനങ്ങൾ ഒഴുകി പോയിട്ടുണ്ടെന്നും ഇനിയും കനത്തമഴയിൽ ഇനിയും ഇത് നഷ്ടപ്പെടാതിരിക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും അറിയിച്ചു

വ്യവസായ വകുപ്പ് ജില്ലയിലെ മുൻകാല ദുരന്തങ്ങളുടെ പശ്ചാത്തലത്തിൽ നേരിടുന്നതിന് വ്യവസായവകുപ്പ് സജ്ജമാണെന്നും നേരത്തെ ഇക്കാര്യത്തിൽ ദുരന്ത ബാധിതരായ വ്യവസായികളെ ആശ്വസിപ്പിക്കുന്ന വിവിധ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട് എന്നും അറിയിച്ചു.

കുടുംബശ്രീ ജില്ലാ മിഷൻ മൺസൂൺ പ്രതികരണത്തിന് മുന്നോടിയായി വാർഡുതല സാനിറ്റേഷൻ കമ്മറ്റികൾ കൂടുന്നതിനും സാനിറ്റേഷനും മറ്റും കുടുംബശ്രീയുടെ സംവിധാനം ഉപയോഗിക്കുന്നതായി ജില്ലാ കുടുംബശ്രീ മിഷൻ കോ-ഓർഡിനേറ്റർ അറിയിച്ചു.

തുടർന്ന് ജില്ലാ പഞ്ചായത്ത് പ്രസിഡൻറ് ശ്രീ ഓമല്ലൂർ ശങ്കരൻ സംസാരിച്ചു. തനിക്കു പറയാനുള്ള വിഷയങ്ങൾ പലതും തന്നെയാണ് ഇവിടെ യോഗത്തിൽ ചർച്ച ചെയ്യപ്പെട്ടിട്ടുള്ളത് എന്നും മഴക്കാല പൂർവ ശുചിത്വമായി ബന്ധപ്പെട്ട 4 5 6 തീയതികളിൽ നടക്കുന്ന പ്രവർത്തനങ്ങൾക്ക് തിങ്കളാഴ്ച വിളിച്ചുകൂട്ടിയ യോഗത്തിൽ കൂടുതൽ കാര്യങ്ങൾ സംസാരിക്കാമെന്നും വാർഡുതല സാനിറ്റേഷൻ കമ്മിറ്റി നൽകിയിട്ടുള്ള പതിനായിരം രൂപ ഫലപ്രദമായി ഉപയോഗിക്കുന്ന നിർദ്ദേശം നൽകാമെന്നും അറിയിച്ചു.

കോവിഡിനെയും മൺസൂണിനെയും ഒന്നിച്ച് നേരിടുക എന്ന നയമാണ് ഈ വർഷം നമുക്ക് വേണ്ടതെന്നും , വൃത്തിയുള്ള ഭക്ഷണവും വെള്ളവും എല്ലാ ജനങ്ങൾക്കും ഉറപ്പുവരുത്തുന്നത് നടപടികൾ സ്വീകരിക്കുന്നതിനും, ആവശ്യത്തിന് ആന്റിജൻ കിറ്റുകൾ, Glouse, Kit, Sanitizer എന്നിവ ഉണ്ടെന്ന് ഉറപ്പ വരുത്തണമെന്നും വാക്സിനേഷൻ കാര്യക്ഷമമായി നടപ്പാക്കണമെന്നും കൂടാതെ പാഠപുസ്തക വിതരണം യഥാസമയം പൂർത്തീകരിക്കണമെന്നും ഭക്ഷ്യ സുരക്ഷാ വകുപ്പും , കേരള വാട്ടർ അതോറിറ്റി ഭക്ഷണം, വെള്ളം എന്നവിയിൽ കൂടി സാക്രമിക രോഗങ്ങൾ ഉണ്ടാകുന്നില്ലെന്ന് ഉറപ്പാക്കണമെന്നും , ജില്ലയിൽ പൂഴ്ത്തി വെയ്പ് ഉണ്ടാകാതെയിരിക്കുന്നതിന് നടപടി സ്വീകരിക്കണമെന്നും നിർദ്ദേശിച്ചു. ജില്ലയിലെ ആശുപത്രികളിൽ ആവശ്യത്തിന് മരുന്നുകൾ കരുതുന്നതിൽ അലംഭാവം കാട്ടരുതെന്നും ബഹു ആരോഗ്യ മന്ത്രി പറഞ്ഞു . ക്ഷീരമേഖലയിലെ കുളമ്പു പനിയ്ക്കെതിരെ ജാഗ്രത പാലിക്കണമെന്നും , വ്യാജ വാർത്തകൾ ഉണ്ടാകുന്നില്ലെന്നും ഉറപ്പു വരുത്തണമെന്നും അതത് വകുപ്പുകളുടെ കീഴിൽ വരുന്നവർക്ക് വാക്സിനേഷൻ ലഭിക്കുന്നതിലേക്ക് ഒരു target വയ്ക്കണമെന്നും NHM നൽകിയ 10,000 /- രൂപയുടെ ഫണ്ട് ശരിയായി വിനിയോഗിക്കുന്നുണ്ടെന്ന് ഉറപ്പു വരുത്തണമെന്നും ആവശ്യപ്പെട്ടു.

ബന്ധപ്പെട്ട ജില്ലാ തല ഉദ്യോഗസ്ഥർ അവരവരുടെ കീഴിൽ പ്രവർത്തിക്കുന്ന ഉദ്യോഗസ്ഥർക്ക് മീറ്റിംഗിലെ തീരുമാനങ്ങൾ നടപ്പാക്കുന്നതിലേക്ക് നിർദ്ദേശം നൽകണമെന്നും , തീരുമാനങ്ങൾ നടപ്പാക്കുന്നു എന്ന് ഉറപ്പ് വരുത്തണം. തഹസിൽദാർമാർ കൂടുതൽ ക്യാമ്പുകൾ കണ്ടെത്തണം എന്നും എല്ലാ frontline workers നും വാക്സിനേഷൻ ലഭിക്കുന്നു എന്ന് ഉറപ്പു വരുത്തണം എന്നും നിർദ്ദേശിച്ചു . തുടർന്ന് യോഗത്തിൽ പങ്കെടുത്ത എല്ലാവർക്കും നന്ദി ജില്ലാകളക്ടർ നന്ദി രേഖപ്പെടുത്തി യോഗം 5 മണിക്ക് അവസാനിച്ചു.

ജില്ലാകളക്ടർ

2021.06.04 13:16